"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ്- ജീവനക്കാര്യം- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്- തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ ആയുർവേദ തെറാപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കവേ അന്തരിച്ച ശ്രീ. താജുദ്ദീൻ എം.എച്ച്-ന്റെ മകൾ ശ്രീമതി രഹന എ.-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.11/2024/AYUSH                    തീയതി,തിരുവനന്തപുരം, 25-05-2024

---

പരാമർശം:-

1. സ.ഉ.(പി)നം. 12/99/ഉഭപവ. തീയതി 24.05.1999
2. സ.ഉ.(പി) നം.33/2014/ഉപഭവ. തീയതി 26.09.2014
3. ശ്രീമതി രഹന എ 20.02.2023 തീയതിയിൽ സമർപ്പിച്ച അപേക്ഷ
4. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 29.02.2024-ലെ ഇ2/1261/2022/ഡിഎഎംഇ നമ്പർ കത്ത്
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29.11.2023-ലെ ഡി.സി.ടി.വി.എം./4146/2023-S6 നം. കത്ത്

**ഉത്തരവ്**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ ആയുർവേദ തെറാപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കവേ 28.05.2022-ൽ അന്തരിച്ച ശ്രീ. താജുദ്ദീൻ എം.എച്ച്-ന്റെ മകൾ ശ്രീമതി രഹന എ.-യ്ക്ക് (ദാറുൽ സലാം, പുല്ലില്ലക്കോണം, ബാലരാമപുരം, ബാലരാമപുരം പി.ഒ., തിരുവനന്തപുരം) പരാമർശം 3 പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് ആശ്രിത നിയമനം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. ശ്രീ.താജുദ്ദീൻ .എച്ചിന് 18 വർഷം സർക്കാർ സർവ്വീസുണ്ടായിരുന്നു. അപേക്ഷകന്റെ വാർഷിക വരുമാനം 1,80,000/- (ഒരു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപയാണ്. ഇത് സർക്കാർ നിശ്ചയിച്ചിട്ടുള്ള വരുമാന പരിധിക്കുള്ളിൽ തന്നെയാണ് വരുന്നത്. ശ്രീമതി രഹന.എ പരാമർശം 1-ലെ സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകയുടെ ജനനത്തീയതി 05.01.1997 ആണ് . ടിയാരി അപേക്ഷ സമർപ്പിക്കുമ്പോഴുള്ള പ്രായം 26 വയസ്സാണ്. പ്ലസ് ടു പാസ്സായിട്ടുള്ള ടിയാരി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്കാണ് അപേക്ഷിച്ചിട്ടുള്ളത്. പരേതന്റെ നിയമപരമായ മറ്റ് അവകാശികളെല്ലാവരും ആശ്രിത നിയമനത്തിന്റെ അവകാശം അപേക്ഷകന് അനുകൂലമായി ഒഴിഞ്ഞുകൊടുത്തിട്ടുള്ളതും, ആശ്രിത നിയമനം നൽകുന്നതിൽ വിയോജിപ്പില്ലായെന്ന് സമ്മതപത്രം നൽകിയിട്ടുള്ളതുമാണ്. നിബന്ധനകളെല്ലാം പാലിക്കപ്പെട്ടിട്ടുള്ളതിനാൽ, പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ള ശ്രീമതി രഹന എ.-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള നിയമനത്തിന് അർഹയാണ്. ടിയാളുടെ അപേക്ഷ പരാമർശ 4,5 എന്നീ കത്തുകൾ പ്രകാരം യഥാക്രമം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും തിരുവനന്തപുരം ജില്ലാ കളക്ടറും ശിപാർശ ചെയ്തു.

3. മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലും, ഇക്കാര്യവുമായി ബന്ധപ്പെട്ട് പിന്നീടുണ്ടായിട്ടുള്ള മറ്റ് ഉത്തരവുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി രഹന എ.-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ഒഴിവിലേക്ക് സാധുവായ അപേക്ഷ സമർപ്പിച്ച 20.02.2023 തീയതി പ്രകാരം നിയമനം നൽകുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4.ശ്രീമതി രഹന.എ-യുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധിച്ച് ശരിയാണെന്നുറപ്പുവരുത്തി, നിയമനാധികാരി, ടിയാളിന് നിയമനോത്തരവ് നൽകുന്നതാണ്. സർക്കാർ സർവ്വീസിലുള്ള സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, സമീപകാലത്തെടുത്തതും സംസ്ഥാന സർക്കാരിലെ ഗസറ്റഡ് ഓഫീസർ മുറപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ പാസ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. സൂചന രണ്ടിലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുവേണം അപേക്ഷയുടെ സീനിയോറിറ്റി നിശ്ചയിക്കേണ്ടത്.

5.ടിയാരിയുടെ ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ നിയമനാധികാരി മരണപ്പെട്ട ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷക വസ്തുനിഷ്ഠമായ യാഥാർത്ഥ്യം മറച്ചുവച്ചതായോ, തെറ്റായ വിവരം ലഭ്യമാക്കിയതായോ, അപേക്ഷ സമർപ്പിക്കുന്ന വേളയിലോ, വകുപ്പുതല അന്വേഷണം നടത്തുന്ന സമയത്തോ സർക്കാർ കണ്ടെത്തുകയാണെങ്കിലോ, അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ തെറ്റുപറ്റിയെന്ന് പിന്നീട് കാണുകയാണെങ്കിലോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നൽകിയ നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി രഹന.എ ,ദാറുൽ സലാം, പുല്ലെക്കോണം, ബാലരാമപുരം, ബാലരാമപുരം പി.ഒ.,

തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 25-05-2024 12:33:20